**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചി ഇ. എസ്. ഐ സബ്സ്റ്റോറിലെ മരുന്ന് വിതരണത്തിന് തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിന് കീഴിൽ ഇടുക്കി, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകൾ ഉൾപ്പെടുന്ന സെൻട്രൽ സോണിലെ 56 ഇ. എസ്. ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്ന ഫോർട്ട് കൊച്ചി സബ്സ്റ്റോറിലെ മെഡിസിൻ ക്യാരിയർ വാഹനം ഇല്ലാതായിട്ട് മൂന്ന് വർഷത്തിലധികമായി എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹനനയം പ്രകാരം 15 വർഷം കഴിഞ്ഞ വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയ സാഹചര്യത്തിലാണ് സബ് സ്റ്റോറിലെ സ്റ്റോർ വാൻ മരുന്ന് വിതരണത്തിന് ഉപയോഗിക്കുവാൻ സാധ്യമാകാതെ വന്നത്. അടിയന്തിര സാഹചര്യത്തിൽ മരുന്നുകളുടെ വിതരണത്തിനായി വാടക വാഹനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഫോർട്ട് കൊച്ചി സബ്സ്റ്റോറിൽ മെഡിസിൻ ക്യാരിയർ വാഹനം ഇല്ലാത്തതിനാൽ പകരം സംവിധാനമായി ഏർപ്പെടുത്തിയ കരാർ വാഹനത്തിന് വാടക കുടിശിക ഉണ്ടായിരിക്കുന്നതിനെ തുടർന്ന് ഇ. എസ്.ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്ന് വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | മരുന്ന് വിതരണം നടത്തുന്നതിനുള്ള കരാർ കമ്പനിക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്ത് തീർത്ത് നിലവിൽ മരുന്ന് വിതരണം സുഗമമായി നടന്നു വരുന്നുണ്ട്. |
| (സി) | മേൽപ്പറഞ്ഞ കാരണങ്ങളാൽ 4 ജില്ലകളിലെ 56 ഇ. എസ്. ഐ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 7.5 ലക്ഷം ഇ. എസ്. ഐ ഗുണഭോക്താക്കളും അവരുടെ കുടുംബവും നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (സി) | മരുന്ന് വിതരണം നടത്തുന്നതിനുള്ള കരാർ കമ്പനിക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്ത് തീർത്ത് നിലവിൽ മരുന്ന് വിതരണം സുഗമമായി നടന്നു വരുന്നുണ്ട്. |
| (ഡി) | സ്റ്റോറിൽ നിന്നും യഥാസമയം മരുന്നുകൾ ഇ. എസ്. ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും എത്താത്തതിനാൽ മരുന്നിന്റെ ഉപയോഗ കാലാവധി കാലഹരണപ്പെടുന്ന സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ഡി) | മരുന്ന് വിതരണത്തിന് വാടകയ്ക്ക് എടുത്ത കരാർ കമ്പനിക്ക് കുടിശ്ശിക ഇനത്തിൽ നൽകുവാനുള്ള തുക വർധിച്ച് വന്ന ഘട്ടത്തിൽ ഇ.എസ്.ഐ ഡിസ്പെൻസറികളിൽ നിന്നും ഇ.എസ്.ഐ ആശുപത്രികളിൽ നിന്നും പിക്കപ്പ് വാനുകളും മറ്റ് സംവിധാനങ്ങളും ഉപയോഗപ്പെടുത്തി മരുന്ന് വിതരണം സുഗമമായി നിർവ്വഹിച്ച് വരുന്നതിനാൽ സ്റ്റോറിൽ നിന്നും യഥാസമയം മരുന്നുകൾ ഇ.എസ്.ഐ ഡിസ്പെൻസറികളിലേക്കും |

| | | | |
|---|---|---|---|
| | | | ആശുപത്രികളിലേക്കും എത്താത്തത് വഴി മരുന്നിന്റെ ഉപയോഗകാലാവധി കഴിഞ്ഞത് പോലുള്ള സംഭവങ്ങൾ ഒന്നും തന്നെ ഉണ്ടാകാതെ ശ്രദ്ധിച്ചിട്ടുണ്ട്. |
| (ഇ) | മരുന്നുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് ഫോർട്ട് കൊച്ചി ഇ. എസ്. ഐ സബ്സ്റ്റോറിലേയ്ക്ക് ഒരു പുതിയ മെഡിസിൻ ക്യാരിയർ വാഹനം അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | മരുന്ന് വിതരണത്തിനായി വകുപ്പിലെ 3 സബ് സ്റ്റോറുകളിലേക്കും 3 സ്റ്റോർ വാനുകൾ വാങ്ങുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ